# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **65** 04.02.2013 -ൽ മറുപടിക്ക്

## സേവനാവകാശ നിയമം

ചോദ്യം

**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**
**ശ്രീ. എം.എ. വാഹീദ്**
**ശ്രീ. കെ. ശിവദാസൻ നായർ**
**ശ്രീ. പി.എ. മാധവൻ**

(എ) സേവനാവകാശ നിയമം സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇത് സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം സേവനങ്ങളാണ് സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടു വന്നിട്ടുള്ളത് ;

(സി) കൂടുതൽ സേവനങ്ങൾ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ?

മറുപടി

**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

(എ) (ബി) & (സി) സേവനാവകാശ നിയമം സമയബന്ധിതമായി നടപ്പിലാക്കുന്നതിലേയ്ക്ക് 21.11.2012-ലെ മന്ത്രിസഭാ യോഗ തീരുമാനപ്രകാരം, 2012 ഡിസംബർ 10 നുമുമ്പ് പ്രസ്തുത ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്ക് സത്വര നടപടികൾ സ്വീകരിക്കുന്നതിനായി, എല്ലാ വകുപ്പുകളോടും സ്ഥാപനങ്ങളോടും 23.11.2012-ലെ 21145/ ഏ.ആർ.12(1) /12/ഉ.ഭ.പ.വ. സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ 20.12.2012-ലെ സർക്കുലർ നമ്പർ. 14944/ഏ.ആർ.12(1)/12/ഉ.ഭ.പ.വ. സർക്കുലർ പ്രകാരം ഇനിയും ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാത്ത എല്ലാ വകുപ്പുകളോടും/ സ്ഥാപനങ്ങളോടും സേവനാവകാശ നിയമം 2(g) വകുപ്പിന്റെ പരിധിയിൽപ്പെട്ട സേവനങ്ങൾ, ടി നിയമം 3-ാം വകുപ്പ് പ്രകാരം അടിയന്തിരമായി ഗസറ്റ് വിജ്ഞാപനം ചെയ്യുന്നതിനായി നിർദ്ദേശിച്ചിട്ടുമുണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം സെക്ഷൻ (3) അനുസരിച്ച്, വിവിധ വകുപ്പുകൾ /സ്ഥാപനങ്ങൾ/ സ്റ്റാറ്റ്യൂട്ടറി ബോഡികൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ, സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്ന തീയതി മുതൽ 6 മാസത്തിനകം പ്രസ്തുത വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവ പൊതുജനങ്ങൾക്ക്

ലഭ്യമാക്കുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്. താഴെപ്പറയുന്ന വകുപ്പുകൾ/സ്ഥാപനങ്ങൾ പ്രസ്തുത നിയമം 3-ാം വകുപ്പ് പ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(1) വനം-വന്യജീവി വകുപ്പ്

(2) ട്രഷറി വകുപ്പ്

(3) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

(4) പട്ടികജാതി വികസന വകുപ്പ്, സെക്രട്ടേറിയേറ്റ്

(5) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലെ സ്ക്രൂട്ടിനി കമ്മിറ്റി

(6) പട്ടിക ജാതി വികസന വകുപ്പ്

(7) പട്ടിക ജാതി -പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ

(8) എക്സൈസ് വകുപ്പ്

(9) ലോട്ടറി വകുപ്പ്

(10) രജിസ്ട്രേഷൻ വകുപ്പ്

(11) സ്വാതന്ത്ര്യസമര സേനാനി പെൻഷൻ വകുപ്പ്

(12) വാണിജ്യ നികുതി വകുപ്പ്

(13) റവന്യൂ വകുപ്പ്

(14) സിവിൽ സപ്ലൈസ് വകുപ്പ്

(15) സൈനിക ക്ഷേമ വകുപ്പ്

(16) പോലീസ് വകുപ്പ്

(17) ആഭ്യന്തര വകുപ്പ് (അറ്റസ്റ്റേഷൻ)

മറ്റ് വകുപ്പുകൾ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.